**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 25** **23-01-2025 - ൽ മറുപടിയ്ക്ക്**

**ത്രിതല പഞ്ചായത്തുകളെ ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി ശക്തിപ്പെടുത്തുന്നതിനെന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പ് തന്നെ അടുത്ത വർഷത്തെ വികസന പദ്ധതികൾക്ക് രൂപം നൽകുന്ന രീതിയിലേക്ക് തദ്ദേശഭരണസ്ഥാപനങ്ങൾ മാറിയിട്ടുണ്ട്. അതിന്റെ ഫലമായി പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ ആരംഭിക്കാൻ കഴിയും.<br><br>പുതിയ കാലത്തിന്റെ വികസന സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനും വെല്ലുവിളികൾ കാര്യക്ഷമമായി ഏറ്റെടുക്കാനും വിവിധ വൈജ്ഞാനിക മേഖലകളിലെ വിദഗ്ധരുടെയും സന്നദ്ധപ്രവർത്തകരുടെയും പങ്കാളിത്തവും സേവനവും പ്രാദേശിക ആസൂത്രണത്തിന്റെയും നിർവഹണത്തിന്റെയും വിലയിരുത്തലിന്റെയും എല്ലാ ഘട്ടങ്ങളിലും ഉറപ്പ് വരുത്താൻ ഉതകുന്ന രീതിയിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗരേഖ സമഗ്രമായി പരിഷ്കരിച്ചിട്ടുണ്ട്. കേരളത്തിന്റെ സുസ്ഥിര വികസനം ലക്ഷ്യമാക്കി ഉത്പാദനം, ഉത്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, തൊഴിൽ സൃഷ്ടി ഉറപ്പാക്കുക, അതിജീവനക്ഷമത വർദ്ധിപ്പിക്കുക, ദാരിദ്ര്യം ഇല്ലാതാക്കുക, സാമൂഹ്യനീതിയും ലിംഗസമത്വവും ഉറപ്പാക്കുക, ഉയർന്ന ഗുണനിലവാരമുള്ള പശ്ചാത്തല സൗകര്യങ്ങൾ, മാലിന്യ നിർമ്മാർജ്ജനം, ജനസൗഹൃദ സദ്ഭരണം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിലെ പുരോഗതി എന്നിവ ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികൾ ഏറ്റെടുക്കുന്നതിന് പതിനാലാം പഞ്ചവത്സര പദ്ധതിയിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ അനുവർത്തിക്കേണ്ട മാർഗ്ഗരേഖകൾ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളെ സാമ്പത്തിക വികസനത്തിന്റെ ചാലകശക്തികളാക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ച് വരുന്നുണ്ട്. പ്രാദേശിക |

സാമ്പത്തിക വികസനത്തിനും തൊഴിൽ സൃഷ്ടിക്കും ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും പര്യാപ്തമായ വിധത്തിലാണ് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുള്ളത്. സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പിൻെറ ഇന്റേൺസ് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും പ്രവർത്തിച്ചു വരുന്നു. സംരംഭക വർഷത്തിന്റെ വിജയകരമായ പൂർത്തീകരണത്തിന് തദ്ദേശ സ്ഥാപനങ്ങളും പ്രധാന പങ്കു വഹിക്കുന്നുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ കണക്കിലെടുത്ത്, അവർക്ക് നൽകി വരുന്ന ജനറൽ പർപ്പസ് ഫണ്ട് സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ 3.5 ശതമാനത്തിൽ നിന്നും 4 ശതമാനമായും, മെയിന്റനൻസ് ഫണ്ട് സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ 6 ശതമാനത്തിൽ നിന്നും 6.5 ശതമാനമായും വർദ്ധിപ്പിച്ചിട്ടുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സർക്കാർ നൽകുന്ന വികസന ഫണ്ട് വിഹിതം സംസ്ഥാന പദ്ധതി അടങ്കലിന്റെ 0.5 ശതമാനം വീതം ഓരോ വർഷവും വർദ്ധിപ്പിച്ച് 30 ശതമാനത്തിലെത്തിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശഭരണസ്ഥാപനങ്ങളുടെ സ്പിൽ ഓവർ പ്രോജക്ടുകൾക്ക് തൊട്ടടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ അനുവദിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

ത്രിതല പഞ്ചായത്തുകൾ തമ്മിലും, പഞ്ചായത്തുകളും നഗരഭരണസ്ഥാപനങ്ങളും തമ്മിലും ഉള്ള യോജിച്ച പ്രവർത്തനം ലക്ഷ്യമിട്ടുകൊണ്ട് ഗ്രാമവികസനം, പഞ്ചായത്ത്-നഗരഭരണം, തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം, നഗര-ഗ്രാമാസൂത്രണം എന്നീ വകുപ്പുകൾ ഏകോപിപ്പിച്ച് ഒറ്റ വകുപ്പായാണ് പ്രവർത്തിക്കുന്നത്.

ഐക്യരാഷ്ട്ര സഭ മുമ്പോട്ട് വെച്ചിട്ടുള്ള നിരവധി സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ജനകീയാസൂത്രണത്തിനും വലിയ പങ്കു വഹിക്കാനുണ്ട് എന്നതിന്റെ അടിസ്ഥാനത്തിൽ കിലയുടെ നേതൃത്വത്തിൽ പരിശീലനങ്ങളും പ്രവർത്തനങ്ങളും നടന്നുവരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാലാനുസൃതമായി നവീകരിക്കുന്നതിനുവേണ്ടി ഇ-ഗവേണൻസ് അടക്കമുള്ള വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ

| | | | |
|---|---|---|---|
| | | | സംവിധാനങ്ങൾ പ്രയോജനപ്പെടുത്താനും, എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും സേവന ഗുണനിലവാരം ISO മാനദണ്ഡ പ്രകാരം മെച്ചപ്പെടുത്താനും പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്.<br><br>മറ്റുള്ള ഗ്രാമപഞ്ചായത്തിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും നേരിട്ട് സന്ദർശിച്ച് മികച്ച പ്രവർത്തനങ്ങൾ പഠിക്കുന്നതിനായി, മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ചതും വിവിധ പുരസ്കാരങ്ങൾ നേടിയതുമായ 19 ഗ്രാമപഞ്ചായത്തുകൾക്ക് പഞ്ചായത്ത് ലേണിംഗ് സെന്ററുകൾ അനുവദിച്ചിട്ടുണ്ട്.<br><br>കൃത്യമായ ഇടവേളകളിലുള്ള സോഷ്യൽ ഓഡിറ്റിംഗ്, ജില്ലാ റിസോഴ്സ് സെന്ററുകളുടെ രൂപീകരണം, സജീവ ഗ്രാമസഭ/വാർഡ് സഭകൾ, പ്രാദേശിക ആസൂത്രണത്തിൽ കൂടുതൽ ജനകീയ പങ്കാളിത്തം എന്നിവ വഴി പ്രാദേശിക ആസൂത്രണവും വികസനവും കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. |
| (ബി) | ത്രിതല പഞ്ചായത്തുകൾവഴി കൂടുതൽ ജനസേവന പദ്ധതികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | പതിനാലാം പഞ്ചവൽസര പദ്ധതിയിൽ തദ്ദേശ സ്ഥാപനങ്ങൾ വഴി പൗര സേവന വിതരണം ശക്തിപ്പെടുത്തുകയും വൈവിധ്യവൽക്കരിക്കുകയും ചെയ്യുന്നതിന് ലക്ഷ്യമിടുന്നുണ്ട്.<br><br>തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാലാനുസൃതമായി പരിഷ്കരിച്ച് അവയുടെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സദ്ഭരണം സാധ്യമാക്കുന്നതിനും ഒരു സദ്ഭരണ നിർവഹണ പദ്ധതി തയ്യാറാക്കുവാൻ തദ്ദേശഭരണസ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആധുനിക സാങ്കേതിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനായി എല്ലാ മാസവും ആദ്യത്തെ ബുധനാഴ്ച ഒരു പരാതി പരിഹാര അദാലത്ത് നടത്തുവാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>പൊതു ജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ഓൺലൈനായി അപേക്ഷിക്കുന്നതിനും തുകകൾ ഒടുക്കുന്നതിനും പ്രധാനപ്പെട്ട സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനും സിറ്റിസൺ സർവ്വീസ് പോർട്ടൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രായാധിക്യം, ഗുരുതര രോഗം തുടങ്ങിയ കാരണങ്ങളാൽ പരിമിതപ്പെട്ട് അവശതയനുഭവിക്കുന്ന വ്യക്തികൾക്ക് അനിവാര്യ സേവനങ്ങൾ അവരുടെ വീട്ടുപടിക്കൽ എത്തിക്കുന്നതിനായി വാതിൽപ്പടി സേവന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും കാര്യക്ഷമമായ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ എത്തുന്ന പൊതുജനങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിന് കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ഹെൽപ്പ് ഡെസ്ക് സംവിധാനം ഏർപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വിവിധ സർക്കാർ വകുപ്പുകളും ഏജൻസികളും പൊതുജനങ്ങൾക്കായി നൽകുന്ന സേവനങ്ങളെ കുറിച്ചുള്ള സംശയങ്ങൾ ദുരീകരിക്കുന്നതിനായി സിറ്റിസൺ ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>സേവനങ്ങൾ ഒരു കുടക്കീഴിൽ മുഴുവൻ സമയവും പൊതുജനങ്ങളുടെ വിരൽ തുമ്പിൽ ലഭ്യമാക്കുന്നതിലേയ്ക്കായി പഞ്ചായത്തുകളിൽ ILGMS എന്ന ഓൺലൈൻ പ്ലാറ്റ്ഫോമും മുനിസിപ്പാലിറ്റികളിൽ കെ-സ്മാർട്ട് എന്ന ഓൺലൈൻ പ്ലാറ്റ്ഫോമും ഉപയോഗിച്ച് വരുന്നു. ഗ്രാമപഞ്ചായത്തുകളിൽ കെ-സ്മാർട്ട് സംവിധാനത്തിന്റെ പൈലറ്റിംഗ് നടന്നുവരുന്നു. ഉടൻതന്നെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കെ-സ്മാർട്ട് വിന്യസിക്കുന്നതാണ്.<br><br>തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ പരാതികൾക്ക് പരിഹാരമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ താലൂക്, ജില്ല, സംസ്ഥാന തലങ്ങളിൽ സ്ഥിരം അദാലത്ത് സംവിധാനം ഏർപ്പെടുത്തുകയും, പതിനാല് ജില്ലകളിലും മന്ത്രിയുടെ അദ്ധ്യക്ഷതയിൽ തദ്ദേശ അദാലത്തുകൾ നടത്തുകയും നിരവധി പരാതികൾക്ക് പരിഹാരമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്.<br><br>പുതിയ പദ്ധതികൾ ഏറ്റെടുക്കാനും കാലത്തിനനുസരിച്ചുള്ള പ്രോജക്റ്റുകൾ ഏറ്റെടുക്കാനും തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതിനായി പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിലും സബ്സിഡി മാനദണ്ഡങ്ങളിലും പരിഷ്കാരങ്ങൾ വരുത്തുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ